## മധുരമായ കുട്ടികളെ – അവിനാശി ജ്ഞാന രത്നം നിങ്ങളെ രാജാവാക്കുന്നു, ഇത് പരിധിയില്ലാത്ത സ്ക്കൂളാണ്, നിങ്ങൾക്ക് പഠിക്കണം പഠിപ്പിക്കണം, ജ്ഞാന രത്നങ്ങളാൽ സഞ്ചി നിറയ്ക്കണം

**ചോദ്യം:–** എങ്ങനെയുള്ള കുട്ടികളെയാണ് എല്ലാവർക്കും ഇഷ്ടപ്പെടുന്നത്? ഉയർന്ന പദവി നേടുന്നതിന് വേണ്ടി ഏത് പുരുഷാർത്ഥത്തിന്റെ ആവശ്യകതയുണ്ട്?
**ഉത്തരം:–** ഏത് കുട്ടികളാണോ തന്റെ സഞ്ചി നിറച്ച് ധാരാളം പേർക്ക് ദാനം ചെയ്യുന്നത് അവർ എല്ലാവർക്കും പ്രിയപ്പെട്ടവരാകുന്നു. ഉയർന്ന പദവിക്ക് വേണ്ടി വളരെയധികം പേരുടെ ആശീർവ്വാദം ആവശ്യമാണ്. ഇതിൽ ധനത്തിന്റെ കാര്യമില്ല എന്നാൽ ജ്ഞാന ധനത്തിലൂടെ അനേകരുടെ മംഗളം ചെയ്തുകൊണ്ടിരിക്കൂ. സന്തുഷ്ടരും യോഗികളുമായ കുട്ടികൾ തന്നെയാണ് ബാബയുടെ പേര് പ്രസിദ്ധമാക്കുന്നത്.

**ഓം ശാന്തി.** ആത്മീയ അച്ഛനിരുന്ന് ആത്മീയ കുട്ടികൾക്ക് മനസ്സിലാക്കിത്തരികയാണ്. കുട്ടികൾക്കറിയാം നമുക്കിപ്പോൾ തിരിച്ച് പോകണം, മുമ്പ് തീർത്തും അറിയുമായിരുന്നില്ല. ബാബ കുട്ടികൾക്ക് മനസ്സിലാക്കിത്തരികയാണ്, ബാബ മനസ്സിലാക്കിത്തരുന്നതും ഇപ്പോൾ ഡ്രാമയനുസരിച്ച് കൃത്യമായി കാണാൻ കഴിയുന്നു. മറ്റാർക്കും മനസ്സിലാക്കിത്തരാൻ സാധിക്കില്ല. ഇപ്പോൾ നമുക്ക് തിരിച്ച് പോകണം. അപവിത്രമായ ആർക്കും തിരിച്ച് പോകാൻ സാധിക്കില്ല. ഈ ജ്ഞാനവും ഇപ്പോൾ മാത്രമാണ് ലഭിക്കുന്നത് അതും ഒരു ബാബ മാത്രമാണ് നൽകുന്നത്. ഏറ്റവും ആദ്യം ഇത് ഓർമ്മിക്കണം,നമുക്ക് തിരിച്ച് പോകണം. ഒന്നും അറിയാതെ തന്നെ ബാബയെ വിളിച്ചിരുന്നു. സമയമായപ്പോൾ ബാബ വന്നു. ഇപ്പോൾ പുതിയ–പുതിയ കാര്യങ്ങൾ മനസ്സിലാക്കിത്തന്നുകൊണ്ടിരിക്കുന്നു. കുട്ടികൾക്കറിയാം ഇപ്പോൾ നമുക്ക് തിരിച്ച് പോകണം, അതുകൊണ്ടിപ്പോൾ പതിതത്തിൽ നിന്ന് പാവനമാകണം. അല്ല എങ്കിൽ ശിക്ഷ അനുഭവിക്കേണ്ടി വരും പദവിയും ഭ്രഷ്ടമാകും. ഇവിടെയുള്ള രാജാവും യാചകനും തമ്മിലുള്ള വ്യത്യാസം പോലെത്തന്നെ അവിടെയും പദവിയിൽ വ്യത്യാസമുണ്ട്. മുഴുവൻ ആധാരവും പുരുഷാർത്ഥത്തിലാണ്. ഇപ്പോൾ ബാബ പറയുകയാണ് നിങ്ങൾ സ്വയം പതിതമായപ്പോഴാണ് വിളിക്കുന്നത്. ഇതും ഇപ്പോൾ നിങ്ങൾക്ക് മനസ്സിലാക്കിത്തരികയാണ്. അജ്ഞാനകാലത്തിൽ ഇത് ബുദ്ധിയിൽ ഉണ്ടായിരുന്നില്ല. ബാബ പറയുന്നു തമോപ്രധാനമായ ആത്മാവിന് ഇപ്പോൾ സതോപ്രധാനമാകണം. ഇപ്പോൾ എങ്ങനെ സതോപ്രധാനമാകണമെന്നുള്ളത് ഏണിപ്പടിയിൽ മനസ്സിലാക്കിത്തന്നിട്ടുണ്ട്. ഇതിനോടൊപ്പം ദൈവീക ഗുണവും ധാരണ ചെയ്യണം. ഇതാണ് പരിധിയില്ലാത്ത സ്ക്കൂൾ. സ്ക്കൂളിൽ ഇങ്ങനെ രജിസ്റ്റർ വെയ്ക്കാറുണ്ട്–ഗുഡ്, ബെറ്റർ, ബെസ്റ്റ്. ആരാണോ സേവനയുക്തരായ കുട്ടികൾ അവർ വളരെ മധുരമായിരിക്കും. അവരുടെ രജിസ്റ്ററും വളരെ നല്ലതായിരിക്കും. അഥവാ രജിസ്റ്റർ നല്ലതല്ലെങ്കിൽ കുതിപ്പുണ്ടാകുകയില്ല. മുഴുവൻ ആധാരവും പഠിപ്പിലും, യോഗത്തിലും ദൈവീക ഗുണങ്ങളിലുമാണ്. കുട്ടികൾക്കറിയാം പരിധിയില്ലാത്ത അച്ഛൻ നമ്മളെ പഠിപ്പിക്കുകയാണ്. ആദ്യം നമ്മൾ ശൂദ്ര വർണ്ണത്തിലേതായിരുന്നു, ഇപ്പോൾ ബ്രാഹ്മണ വർണ്ണത്തിലേതാണ്. പ്രജാപിതാ ബ്രഹ്മാവിന്റെ കുട്ടികൾ നമ്മൾ ബ്രാഹ്മണരാണ്, ഈ കാര്യം വളരെ പേർ മറന്ന് പോകുന്നു. നിങ്ങൾ ശിവബാബയെ ഓർമ്മിക്കുമ്പോൾ ബ്രഹ്മാവിനെയും ഓർമ്മ വരുന്നു. നമ്മൾ ബ്രാഹ്മണ കുലത്തിലേതാണെന്നുള്ള ലഹരി വർദ്ധിക്കണം. മറക്കുകയാണെങ്കിൽ ലഹരി ഉണ്ടായിരിക്കില്ല അതായത് നമ്മൾ ബ്രാഹ്മണ കുലത്തിലേതാണ് പിന്നീട് ദേവതാ കുലത്തിലേതാകും. ബ്രാഹ്മണ കുലം ആരാണ് സ്ഥാപിച്ചത്? ബ്രഹ്മാവിലൂടെ ഞാൻ നിങ്ങളെ ബ്രാഹ്മണ കുലത്തിലേക്ക് കൊണ്ടുവരുന്നു. ബ്രാഹ്മണരുടേത് വംശമല്ല. ചെറിയൊരു കുലമാണ്. സ്വയത്തെ ഇപ്പോൾ ബ്രാഹ്മണനെന്ന് മനസ്സിലാക്കുകയാണെങ്കിൽ ദേവതയുമായിത്തീരുന്നു. തന്റെ ജോലിയിൽ മുഴുകുന്നതിലൂടെ എല്ലാം മറന്ന് പോകുന്നു. ബ്രാഹ്മണത്വം പോലും മറന്ന് പോകുന്നു. ജോലിയിൽ നിന്ന് ചിന്താമുക്തരായി പിന്നീട് പുരുഷാർത്ഥം ചെയ്യണം. ചിലർക്ക് ജോലിയിൽ വളരെ ശ്രദ്ധ നൽകേണ്ടതായി വരുന്നു. ജോലി പൂർത്തിയായിക്കഴിഞ്ഞാൽ പിന്നെ അവനവന്റെ കാര്യം അതായത് പുരുഷാർത്ഥം ചെയ്യണം. ഓർമ്മയിലിരിക്കൂ. നിങ്ങളുടെ കയ്യിലുള്ള ബാഡ്ജ് വളരെ നല്ലതാണ്, ഇതിൽ ലക്ഷ്മീ–നാരായണന്റെ ചിത്രവുമുണ്ട്, ത്രിമൂർത്തികളുമുണ്ട്. ബാബ നമ്മളെ ഇതുപോലാക്കുന്നു! ഇതാണ് മൻമനാഭവ. ചിലർക്ക് ഈ ശീലം ഉണ്ടാകുന്നു, ചിലർക്ക് ഉണ്ടാകുന്നില്ല. ഭക്തി ഇപ്പോൾ പൂർത്തിയായി. ഇപ്പോൾ ബാബയെ ഓർമ്മിക്കണം. ഇപ്പോൾ പരിധിയില്ലാത്ത അച്ഛൻ നിങ്ങൾക്ക് പരിധിയില്ലാത്ത സമ്പത്ത് നൽകുന്നു, അതുകൊണ്ട് സന്തോഷമുണ്ടാകുന്നു. ചിലർക്ക് നല്ല ലഹരിയുണ്ട്, ചിലർക്ക് വളരെ കുറവാണ്. യഥാർത്ഥത്തിൽ വളരെ സഹജമാണ്.
ഗീതയുടെ ആദിയിലും അന്ത്യത്തിലും മൻമനാഭവ എന്ന പദമുണ്ട്. ഇത് അതേ ഗീതാ എപ്പിസോഡാണ്.

കേവലം കൃഷ്ണന്റെ പേര് എഴുതിവെച്ചു. ഭക്തി മാർഗ്ഗത്തിലുള്ള ദൃഷ്ടാന്തങ്ങളെല്ലാം ഈ സമയത്തേതാണ്. ഭക്തി മാർഗ്ഗത്തിൽ ആരും ദേഹബോധം ഉപേക്ഷിക്കൂ , സ്വയം ആത്മാവെന്ന് മനസ്സിലാക്കൂ എന്ന് പറയില്ല. ഇവിടെ നിങ്ങൾക്ക് ഈ പഠിപ്പ് ബാബ വരുമ്പോൾ തന്നെ നൽകുന്നു. ദേവീ-ദേവതാ ധർമ്മത്തിന്റെ സ്ഥാപന നമ്മളിലൂടെ നടന്നുകൊണ്ടിരിക്കുകയാണ് എന്ന നിശ്ചയമുണ്ട്. രാജധാനിയും സ്ഥാപിച്ചുകൊണ്ടിരിക്കുകയാണ്. ഇതിൽ യുദ്ധം മുതലായവയുടെ ഒരു കാര്യവുമില്ല. ബാബ ഇപ്പോൾ നിങ്ങളെ പവിത്രത പഠിപ്പിച്ചുകൊണ്ടിരിക്കുകയാണ്, അത് അരകല്പം നിലനിൽക്കും. അവിടെ രാവണ രാജ്യം തന്നെയില്ല. വികാരങ്ങളുടെ മേൽ നിങ്ങളിപ്പോൾ വിജയം നേടിക്കൊണ്ടിരിക്കുകയാണ്. ഇത് നിങ്ങൾക്കറിയാം- നമ്മൾ കല്പം മുൻപും ഇതുപോലെ രാജധാനി സ്ഥാപിച്ചിട്ടുണ്ടായിരുന്നു, ഇപ്പോൾ സ്ഥാപിച്ചുകൊണ്ടിരിക്കുകയാണ്. നമുക്കായി ഈ പഴയ ലോകം ഇപ്പോൾ നശിക്കാൻ പോകുന്നു. നാടകത്തിന്റെ ചക്രം കറങ്ങിക്കൊണ്ടിരിക്കുന്നു. സത്യയുഗത്തിൽ സ്വർണ്ണമയമായിരിക്കും. എന്താണോ ഉണ്ടായിരുന്നത് അത് വീണ്ടും ഉണ്ടാകും. ഇതിൽ സംശയിക്കേണ്ട കാര്യമില്ല. മായ ജാലവിദ്യയുടെ കളി കാണിക്കുന്നു. സാക്ഷാത്ക്കാരത്തിൽ സ്വർണ്ണത്തിന്റെ ഇഷ്ടികകൾ കാണിക്കുന്നു. നിങ്ങളും വൈകുണ്ഠത്തിൽ സ്വർണ്ണത്തിന്റെ കൊട്ടാരം കാണുന്നു. അവിടുത്തെ സാധനങ്ങൾ നിങ്ങൾക്ക് ഇവിടേക്ക് കൊണ്ടുവരാൻ സാധിക്കില്ല. ഇത് സാക്ഷാത്ക്കാരമാണ്. ഭക്തിയിൽ നിങ്ങൾ ഈ കാര്യങ്ങളെക്കുറിച്ച് അറിഞ്ഞിരുന്നില്ല. ഇപ്പോൾ ബാബ പറയുന്നു- ഞാൻ നിങ്ങളെ കൊണ്ടുപോകുന്നതിനായി വന്നിരിക്കുകയാണ്. അവിടെ നിങ്ങളെക്കൂടാതെ ഞാൻ വിശ്രമ രഹിതനാണ്. സമയം വരുമ്പോൾ എനിക്ക് പിന്നെ കുട്ടികളുടെ പക്കലേക്ക് വരാതെ വിശ്രമമുണ്ടാകില്ല- പോകണം, അവിടെ കുട്ടികൾ ദുഃഖിതരാണ്, എന്നെ വിളിക്കുന്നുണ്ട്. ദയ തോന്നുന്നു- ശരി, പോകാം. എപ്പോഴാണോ ഡ്രാമയിൽ സമയമാകുന്നത് അപ്പോഴെ പോകാനുള്ള ചിന്തയുണ്ടാകൂ. വിഷ്ണു അവതരിക്കുന്നത് നാടകമായി കാണിക്കുന്നുണ്ട്. എന്നാൽ വിഷ്ണു അവതരണം ഉണ്ടാകുന്നതേയില്ല. ദിനം-പ്രതിദിനം മനുഷ്യരുടെ ബുദ്ധി നശിച്ചു കൊണ്ടിരിക്കുന്നു. ഒന്നും മനസ്സിലാക്കുന്നില്ല. ആത്മാവ് പതിതമായിരിക്കുന്നു. ഇപ്പോൾ ബാബ പറയുന്നു- കുട്ടികളേ, പാവനമാകൂ എങ്കിൽ രാമ രാജ്യമാകും. രാമ രാജ്യത്തെ അറിയുന്നില്ല. ശിവനെ പൂജിക്കുന്നുണ്ട് ശിവനെ രാമനെന്ന് പറയില്ല. ശിവബാബയെന്ന് പറയുന്നതാണ് നല്ലത്. ഭക്തിയിൽ ആനന്ദമില്ല. നിങ്ങൾക്കിപ്പോൾ ആനന്ദം അനുഭവപ്പെടുന്നുണ്ട്. ബാബ സ്വയം പറയുന്നു- മധുരമായ കുട്ടികളെ, ഞാൻ നിങ്ങളെ കൊണ്ടുപോകാൻ വന്നിരിക്കുന്നു. പിന്നീട് നിങ്ങൾ ആത്മാക്കൾ ശാന്തിധാമിൽ നിന്ന് സ്വമേധയാ സുഖധാമത്തിലേക്ക് പോകും. സത്യയുഗത്തിൽ ഞാൻ നിങ്ങളുടെ കൂട്ടുകാരനാകില്ല. തന്റെ അവസ്ഥയ്ക്കനുസരിച്ച് ആത്മാക്കളായ നിങ്ങൾ പോയി അടുത്ത ശരീരത്തിൽ, ഗർഭത്തിൽ പ്രവേശിക്കും. സാഗരത്തിൽ ആലിലയിൽ ശ്രീകൃഷ്ണൻ വരുന്നതായി കാണിക്കുന്നു. സാഗരത്തിന്റെ കാര്യമല്ല. അവിടെ ഗർഭത്തിൽ വളരെ വിശ്രമത്തോടെ ഇരിക്കുന്നു. ബാബ പറയുന്നു- ഞാൻ ഗർഭത്തിലേക്ക് വരുന്നില്ല. ഞാൻ പ്രവേശിക്കുകയാണ് ചെയ്യുന്നത്. ഞാൻ കുട്ടിയാകുന്നില്ല. എനിക്ക് പകരം കൃഷ്ണനെ കുട്ടിയെന്ന് മനസ്സിലാക്കി മനസ്സിനെ സന്തോഷിപ്പിക്കുന്നു. കൃഷ്ണൻ ജ്ഞാനം നൽകി എന്നു കരുതുന്നു അതുകൊണ്ടാണ് കൃഷ്ണനെ വളരെ സ്നേഹിക്കുന്നത്. ഞാൻ എല്ലാവരെയും കൂടെക്കൊണ്ടുപോകുന്നു. പിന്നീട് നിങ്ങളെ താഴേക്ക് പറഞ്ഞയക്കുന്നു. അതിനുശേഷം എന്റെ പാർട്ട് അവസാനിക്കുന്നു. അരകൽപം ഒരു പാർട്ടുമില്ല. പിന്നീട് ഭക്തി മാർഗ്ഗത്തിൽ പാർട്ട് ആരംഭിക്കുന്നു. ഇതും ഡ്രാമ ഉണ്ടാക്കിയതാണ്.

ഇപ്പോൾ കുട്ടികൾക്ക് ജ്ഞാനം മനസ്സിലാക്കാനും മനസ്സിലാക്കിക്കൊടുക്കാനും സഹജമാണ്. മറ്റുള്ളവരെ കേൾപ്പിക്കുകയാണെങ്കിൽ സന്തോഷവും ഉണ്ടാകും പദവിയും ഉയർന്നത് നേടും. ഇവിടെ ഇരുന്ന് കേൾക്കുമ്പോൾ നല്ലതായി തോന്നുന്നു. പുറത്ത് പോകുന്നതിലൂടെ മറന്ന് പോകുന്നു. ഏതുപോലെയാണോ ജയിൽ പുള്ളികളുള്ളത്. എന്തെങ്കിലും കുറ്റങ്ങൾ ചെയ്ത് ജയിലിലേക്ക് പൊയ്ക്കൊണ്ടേയിരിക്കുന്നു. നിങ്ങളുടെയും അവസ്ഥ ജന്മജന്മാന്തരം ഇതുപോലെയാണ്. ഗർഭത്തിൽ പ്രതിജ്ഞ ചെയ്ത് പിന്നീട് പുറത്തേക്കു വരുമ്പോൾ മറന്നു പോകുന്നു. ഈ കാര്യങ്ങളെല്ലാം ഉണ്ടാക്കിയിട്ടുള്ളത് മനുഷ്യർ ഒരു പാപവും ചെയ്യാതിരിക്കാനാണ്. ആത്മാവ് സംസ്ക്കാരം തന്റെ കൂടെ കൊണ്ടുപോകുന്നു. അതുകൊണ്ടാണ് ചിലർ ചെറുപ്രായത്തിലേ പണ്ഢിതനാകുന്നത്. മനുഷ്യർ മനസ്സിലാക്കുന്നത് ആത്മാവ് നിർലേപമാണെന്നാണ്(അഴുക്ക് പിടിക്കാത്തത്). എന്നാൽ ആത്മാവ് നിർലേപമല്ല. നല്ലതോ മോശമോ ആയ സംസ്ക്കാരം ആത്മാവ് തന്നെയാണ് കൊണ്ടുപോകുന്നത്. പിന്നീട് കർമ്മത്തിലൂടെ അനുഭവിക്കുന്നു. ഇപ്പോൾ നിങ്ങൾ പവിത്ര സംസ്ക്കാരവും കൊണ്ട് പോകുന്നു. നിങ്ങൾ പഠിച്ചതിന് ശേഷം പദവി നേടുന്നു. ബാബ മുഴുവൻ ആത്മാക്കളുടെ കൂട്ടത്തെയും തിരിച്ച് കൊണ്ടുപോകുന്നു. ബാക്കി കുറച്ച് പേരാണ് ഇവിടെ അവശേഷിക്കുന്നത്. അവർ അവസാനം വരുന്നു. അവസാനം വരാനുള്ളവരാണ് ഇവിടെ അവശേഷിക്കുന്നത്. മാലയല്ലേ. നമ്പർവൈസായാണ് ഉണ്ടാകുന്നത്. ബാക്കിയാകുന്നതാരാണോ അവർ സ്വർഗ്ഗത്തിലും അവസാനമാണ് വരിക. ബാബ എത്ര നല്ലരീതിയിലാണ് മനസ്സിലാക്കിത്തരുന്നത്, ചിലർക്ക് ധാരണയാകുന്നുണ്ട്, ചിലർക്കി

ല്ല. അവസ്ഥക്കനുസരിച്ചുള്ള പദവിയും ലഭിക്കുന്നു. നിങ്ങൾ കുട്ടികൾക്ക് ദയാ മനസ്കനും മംഗളകാരിയുമാകണം. ഡ്രാമ തന്നെ ഇങ്ങനെയാണ് ഉണ്ടാക്കിയിട്ടുള്ളത്. ആരെയും ദോഷം പറയാൻ സാധിക്കില്ല. കൽപം മുൻപ് എത്ര പഠിച്ചോ അത്രയും തന്നെയായിരിക്കും ഇപ്പോഴും പഠിക്കുക. കൂടുതൽ പഠിക്കുകയേ ഇല്ല, എത്ര തന്നെ പുരുഷാർത്ഥം ചെയ്യിപ്പിച്ചാലും, ഒരു വ്യത്യാസവും ഉണ്ടാകില്ല. ആരെയെങ്കിലും കേൾപ്പിക്കുമ്പോഴേ മാറ്റമുണ്ടാകൂ. എന്നിരുന്നാലും നമ്പർവൈസ് തന്നെയാണ്. രാജാവും, യാചകനും തമ്മിൽ എത്ര വ്യത്യാസമാണ്! ഈ അവിനാശി ജ്ഞാന രത്നം രാജാവാക്കുന്നു. അഥവാ പുരുഷാർത്ഥം ചെയ്യുന്നില്ലെങ്കിൽ യാചകനാകുന്നു. ഇത് പരിധിയില്ലാത്ത സ്ക്കൂളാണ്. ഇതിൽ ഫസ്റ്റും, സെക്കന്റും, തേഡുമുണ്ട്. ഭക്തിയിൽ പഠിപ്പിന്റെ കാര്യമില്ല. അവിടെ ഏണിപ്പടി താഴേയ്ക്ക് ഇറങ്ങുകയാണ്. ഭക്തിയിൽ ആകർഷണങ്ങൾ ഏറെയാണ്. കൈമണി മുഴക്കുന്നു, സ്തുതി ചെയ്യുന്നു, ഇവിടെയാണെങ്കിൽ ശാന്തിയിൽ ഇരിക്കണം. ഭജന മുതലായ ഒന്നും തന്നെയില്ല. നിങ്ങൾ അരകൽപം ഭക്തി ചെയ്തിട്ടുണ്ട്. ഭക്തിക്ക് എത്ര പ്രദർശനമാണ്. എല്ലാവർക്കും അവരവരുടേതായ പാർട്ടുണ്ട്. ചിലർ വീഴുന്നു, ചിലർ കയറുന്നു, ചിലരുടെ ഭാഗ്യം നല്ലത്, ചിലരുടേത് കുറവ്. ബാബ ഏകരസമായാണ് പുരുഷാർത്ഥം ചെയ്യിക്കുന്നത്. പഠിപ്പ് ഏകരസമാണെങ്കിൽ ടീച്ചറും ഏകനാണ്. ബാക്കി എല്ലാവരും മാസ്റ്റേഴ്സാണ്. ഏതെങ്കിലും വലിയ വ്യക്തി സമയമില്ലെന്ന് പറയുകയാണെങ്കിൽ, വീട്ടിൽ വന്ന് പഠിപ്പിക്കട്ടെ എന്ന് ചോദിക്കൂ? എന്തുകൊണ്ടെന്നാൽ അവർക്ക് അവരുടെ അഹങ്കാരം ഉണ്ടായിരിക്കും. ഒരാളെ വശത്താക്കുന്നതിലൂടെ മറ്റുള്ളവരിലും പ്രഭാവം ഉണ്ടാകുന്നു. അഥവാ അദ്ദേഹം ആരോടെങ്കിലും ഈ ജ്ഞാനം നല്ലതാണെന്ന് പറയുകയാണെങ്കിൽ അവർ പറയും ഇവരിലും ബ്രഹ്മാകുമാരീസിന്റെ പ്രഭാവമുണ്ടായി അതിനാലാണ് നല്ലതെന്ന് പറയുന്നത് എന്ന്. കുട്ടികളിൽ നല്ല യോഗത്തിന്റെ ശക്തി വേണം. ജ്ഞാനമാകുന്ന വാളിൽ യോഗത്തിന്റെ മൂർച്ച വേണം. സന്തുഷ്ടരും യോഗിയുമാണെങ്കിൽ പേര് പ്രസിദ്ധമാകും. ഇതിലാണ് നമ്പർവൈസാകുന്നത്. രാജധാനി സ്ഥാപിതമാകണം. ബാബ പറയുന്നു ധാരണ ചെയ്യുക വളരെ സഹജമാണ്. ബാബയെ എത്രത്തോളം ഓർമ്മിക്കുന്നോ അത്രത്തോളം സ്നേഹമുണ്ടായിരിക്കും. ആകർഷണമുണ്ടാകും. സൂചി ശുദ്ധമാണെങ്കിൽ കാന്തത്തിന്റെ വശത്തേക്ക് ആകർഷിക്കുന്നു. തുരുമ്പുണ്ടെങ്കിൽ ആകർഷിക്കില്ല. ഇതും അങ്ങനെയാണ്. നിങ്ങൾ ശുദ്ധമാകുകയാണെങ്കിൽ ആദ്യ നമ്പറിലേക്ക് പോകുന്നു. ബാബയുടെ ഓർമ്മയിലൂടെ കറ ഇല്ലാതാകും.

മഹിമയുണ്ട്– ഗുരുവിന്റെ മുന്നിൽ സമർപ്പണമാകുന്നു. . . . . അതുകൊണ്ടാണ് പറയുന്നത് ഗുരുർ ബ്രഹ്മാ, ഗുരുർ വിഷ്ണു.... വിവാഹ നിശ്ചയം ചെയ്യിപ്പിക്കുന്നത് മനുഷ്യഗുരുക്കന്മാരാണ്. നിങ്ങളുടെ വിവാഹനിശ്ചയം ശിവനോടൊപ്പമാണ്, അല്ലാതെ ബ്രഹ്മാവുമായല്ല. അതുകൊണ്ട് ഓർമ്മിക്കേണ്ടതും ശിവനെത്തന്നെയാണ്. ദല്ലാളിന്റെ ചിത്രത്തിന്റെ ആവശ്യകതയില്ല. വിവാഹ നിശ്ചയം ഉറച്ച് കഴിഞ്ഞാൽ പിന്നീട് പരസ്പരം ഓർമ്മിച്ചുകൊണ്ടിരിക്കുന്നു അപ്പോൾ ബ്രഹ്മാവിനും ദല്ലാലിന്റെ കമ്മീഷൻ ലഭിക്കുന്നു. നമ്മുടെ വിവാഹനിശ്ചയം ചെയ്യിച്ചതിനും ലഭിക്കുന്നില്ലേ. രണ്ടാമതായി ബ്രഹ്മാവിൽ തന്നെയാണ് പ്രവേശിക്കുന്നത്, ലോണെടുക്കുന്നു അപ്പോൾ അതിന്റെ ആകർഷണവുമുണ്ടാകുന്നു. അതുകൊണ്ട് കുട്ടികൾക്ക് മനസ്സിലാക്കിത്തരികയാണ് എത്രത്തോളം നിങ്ങൾ വളരെ പേരുടെ മംഗളം ചെയ്യുന്നോ അത്രയും നിങ്ങൾക്ക് പ്രതിഫലം ലഭിക്കും. ഇത് ജ്ഞാനത്തിന്റെ കാര്യങ്ങളാണ്. മറ്റുള്ളവർക്ക് ജ്ഞാനം കൊടുത്തുകൊണ്ടിരിക്കുകയാണെങ്കിൽ ആശീർവ്വാദം ലഭിക്കുന്നു. പൈസയുടെ ആവശ്യമില്ല. മമ്മയുടെ കയ്യിൽ ധനമില്ലായിരുന്നു, എന്നാൽ വളരെ പേരുടെ മംഗളം ചെയ്തു. ഡ്രാമയിൽ ഓരോരുത്തരുടെയും പാർട്ടുണ്ട്. ഏതെങ്കിലും ധനവാൻ ധനം നൽകുന്നു, മ്യൂസിയം തുറക്കുന്നു എങ്കിൽ വളരെ പേരുടെ ആശീർവ്വാദം ലഭിക്കുന്നു. നല്ല ധനവാന്റെ പദവി ലഭിക്കുന്നു. ധനവാന്റെ പക്കൽ ദാസ–ദാസിമാർ വളരെ ഉണ്ടായിരിക്കും. പ്രജകളിലെ ധനവാന്റെ കയ്യിൽ വളരെ ധനമുണ്ടെങ്കിൽ പിന്നീട് അവരിൽ നിന്ന് ലോണെടുക്കുന്നു. ധനവാനാകുന്നതും നല്ലതാണ്. അതും ദരിദ്രർ തന്നെയാണ് ധനവാനാകുന്നത്.  അല്ലാതെ ഇവിടെയുള്ള ധനവാൻമാരിൽ എവിടെ ധൈര്യം! ഈ ബ്രഹ്മാവ് പെട്ടെന്ന് തന്നെ എല്ലാം നൽകി. പറയാറുണ്ട് ആരുടെ കൈയ്യാണോ ദാനിയായിരിക്കുന്നത്..... ബാബ പ്രവേശിച്ചപ്പോൾ സർവ്വതും സമർപ്പിതമാക്കി. കറാച്ചിയിൽ നിങ്ങൾ എങ്ങനെയായിരുന്നു കഴിഞ്ഞിരുന്നത്. വലിയ–വലിയ കെട്ടിടം, വാഹനങ്ങൾ, ബസ് തുടങ്ങിയ എല്ലാം ഉണ്ടായിരുന്നു. ഇപ്പോൾ ബാബ പറയുന്നു – ആത്മാഭിമാനിയാകൂ. എത്ര ലഹരി ഉയരണം– ഭഗവാൻ നമ്മളെ പഠിപ്പിക്കുന്നു! ബാബ നിങ്ങൾക്ക് അളവറ്റ ഖജനാവുകൾ നൽകുന്നു. നിങ്ങൾ ധാരണ ചെയ്യുന്നില്ല. എടുക്കാനുള്ള ശക്തിയില്ല. ശ്രീമത്തിലൂടെ നടക്കുന്നില്ല. ബാബ പറയുന്നു കുട്ടികളേ തന്റെ സഞ്ചി നിറയ്ക്കൂ. ഭക്തർ ശങ്കരന്റെ അടുത്ത് ചെന്ന് യാചിക്കുന്നു– സഞ്ചി നിറച്ച് തരൂ. ബാബ ഇവിടെ വളരെ പേരുടെ സഞ്ചി നിറയ്ക്കുന്നു. പുറത്തേക്കിറങ്ങുന്നതിലൂടെ കാലിയാകുന്നു. ബാബ പറയുന്നു നിങ്ങൾക്ക് വളരെ വലിയ ഖജനാവാണ് നൽകുന്നത്. ജ്ഞാന രത്നങ്ങളാൽ സഞ്ചി നിറച്ച്–നിറച്ച് നൽകുന്നു. എന്നിട്ടും നമ്പർവൈസായാണ് തന്റെ സഞ്ചി നിറയ്ക്കുന്നത്. അത് പിന്നീട് ദാനം ചെയ്യുന്നവർ, എല്ലാവരുടെയും

പ്രിയപ്പെട്ടവരുമാകുന്നു. കൈയ്യിലില്ലെങ്കിൽ എങ്ങനെ നൽകും?

നിങ്ങൾക്ക് 84-ന്റെ ചക്രത്തെ നല്ലരീതിയിൽ മനസ്സിലാക്കുകയും മനസ്സിലാക്കിക്കൊടുക്കുകയും വേണം. ബാക്കി യോഗത്തിന്റെ പരിശ്രമമാണുള്ളത്. ഇപ്പോൾ നിങ്ങൾ യുദ്ധ മൈതാനത്തിലാണ്. മായയുടെ മേൽ വിജയിക്കുന്നതിനായി യുദ്ധം ചെയ്യുന്നു. തോൽക്കുകയാണെങ്കിൽ ചന്ദ്രവംശിയിലേക്ക് പോകും. ഇത് വിവേകത്തിന്റെ കാര്യമാണ്. കുട്ടികൾക്ക് വളരെ സന്തോഷമുണ്ടായിരിക്കണം- ബാബാ, അങ്ങ് എത്ര സമ്പത്താണ് നൽകുന്നത്. എഴുന്നേൽക്കുമ്പോഴും-ഇരിക്കുമ്പോഴും ഇത് ബുദ്ധിയിൽ ഉണ്ടായിരിക്കണം. അപ്പോൾ ധാരണയുണ്ടാകും. യോഗമാണ് മുഖ്യം. യോഗത്തിലൂടെ തന്നെയാണ് നിങ്ങൾ വിശ്വത്തെ പവിത്രമാക്കുന്നത്. ജ്ഞാനത്തിന്റെ ആധാരത്തിൽ നിങ്ങൾ രാജ്യം ഭരിക്കുന്നു. ഈ പണം മുതലായവയെല്ലാം മണ്ണിൽ ചേരാനുള്ളതാണ്. ബാക്കി ഈ അവിനാശി സമ്പാദ്യം അത് മുഴുവൻ കൂടെ വരും. ആരാണോ വിവേകശാലിയായിട്ടുള്ളത് അവർ പറയും ഞങ്ങൾ ബാബയിൽ നിന്ന് പൂർണ്ണമായിത്തന്നെ സമ്പത്തെടുക്കും. ഭാഗ്യത്തിൽ ഇല്ലെങ്കിൽ ചില്ലറ പൈസയുടെ(ഏറ്റവും കുറഞ്ഞ) പദവിയായിരിക്കും നേടുക. ശരി!

വളരെക്കാലത്തെ വേർപാടിനുശേഷം തിരിച്ചു കിട്ടിയ മധുരമധുരമായ ഓമന സന്താനങ്ങൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹ സ്മരണകളും പുലർകാല വന്ദനവും. ആത്മീയ പിതാവിന്റെ ആത്മീയ കുട്ടികൾക്ക് നമസ്ക്കാരം.

### ധാരണയ്ക്കുള്ള മുഖ്യസാരം -

1. തന്റെ പഠിപ്പിന്റെയും ദൈവീക ഗുണങ്ങളുടെ ധാരണയുടേയും രജിസ്റ്റർ ശരിയായി വെയ്ക്കണം. വളരെയധികം മധുരമാകണം. നമ്മൾ ബ്രഹ്മാമുഖവംശാവലി ബ്രാഹ്മണരാണ്, ഈ ലഹരിയിൽ കഴിയണം.

2. എല്ലാവരുടെയും സ്നേഹം അഥവാ ആശീർവ്വാദം പ്രാപ്തമാക്കുന്നതിന് വേണ്ടി ജ്ഞാന-രത്നങ്ങളാൽ തന്റെ സഞ്ചി നിറച്ച് ദാനം ചെയ്യണം. വളരെ പേരുടെ മംഗളത്തിന് നിമിത്തമാകണം.

## വരദാനം:- ഓരോ കർമ്മത്തിലും ബാബയോടൊപ്പം ഭിന്ന-ഭിന്ന സംബന്ധങ്ങളാൽ സ്മൃതിസ്വരൂപരായി മാറുന്ന ശ്രേഷ്ഠ ഭാഗ്യവാനായി ഭവിക്കട്ടെ.

മുഴുവൻ ദിവസത്തെ ഓരോ കർമ്മത്തിലും ഭഗവാന്റെ സുഹൃത്ത് അല്ലെങ്കിൽ സഖിയെന്ന രൂപത്തിൽ, ചിലപ്പോൾ ജീവിത പങ്കാളിയെന്ന രൂപത്തിൽ, ചിലപ്പോൾ ഓമന സന്താനങ്ങളുടെ രൂപത്തിൽ, എപ്പോഴെങ്കിലും ഹൃദയ നൈരാശ്യത്തിലിരിക്കുമ്പോൾ സർവ്വശക്തിവാന്റെ സ്വരൂപത്തിലൂടെ മാസ്റ്റർ സർവ്വശക്തിവാന്റെ സ്മൃതി സ്വരൂപത്തെ പുറത്തെടുക്കൂ എങ്കിൽ ഹൃദയം സന്തുഷ്ടമാകും മാത്രമല്ല ബാബയുടെ കൂടെയാണെന്ന് സ്വതവേ അനുഭവം ചെയ്യും പിന്നെ ഈ ബ്രാഹ്മണജീവിതം സദാ അമൂല്യവും ശ്രേഷ്ഠവുമായ ഭാഗ്യശാലിയാണെന്ന് അനുഭവം ഉണ്ടായിക്കൊണ്ടിരിക്കും.

## സ്ലോഗൻ:- ബ്രഹ്മാബാബക്ക് സമാനമാകുക അർത്ഥം സമ്പൂർണ്ണതയുടെ ലക്ഷ്യത്തിൽ എത്തിച്ചേരുക.